**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5533** **04.07.2013 ൽ മറുപടിയ്ക്ക്**

**പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പി.കെ.ഗുരുദാസൻ**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ.പി.ജെ.ജോസഫ്**<br>**ജലവിഭവ വകുപ്പുമന്ത്രി** |
| (എ) വൈപ്പാർ ലിങ്ക് പദ്ധതിക്കായി കേന്ദ്രം ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയ്ക്കായി കേന്ദ്രം ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ ടി പദ്ധതി നടപ്പാക്കുന്നതിനെതിരെ കേരളം സുപ്രീം കോടതിയെ സമീപിക്കുകയും WP (c) 512/2012 case dispose ചെയ്തുകൊണ്ട് 27.02.2012-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി തലവനായ ഒരു സ്പെഷ്യൽ കമ്മിറ്റിയെ രൂപീകരിക്കണമെന്ന് കേന്ദ്ര സർക്കാരിന് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുമുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ സംസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്നതിന് ജലവിഭവ വകുപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറിയെ നാമനിർദ്ദേശം ചെയ്ത് സർക്കാർ 12.03.2013-ൽ ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ, സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന "Special Committee" നദീസംയോജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ planning-ഉം construction-നും implementation-നും നടപ്പാക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിയോ അഥവാ അദ്ദേഹത്തിന്റെ |

| | | |
|---|---|---|
| | | പ്രതിനിധിയോ അംഗങ്ങൾ ആയിരിക്കണമെന്നും, ടി കേസ് പരിഗണിക്കുന്ന അവസരത്തിൽ കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ള വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടുകളും, status report-കളും കമ്മിറ്റി പരിഗണിക്കേണ്ടതാണെന്നും അവ അപഗ്രഥിച്ചു മാത്രമേ പദ്ധതി നടപ്പാക്കുന്നതിനുള്ള plan തയ്യാറാക്കാവൂവെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേരള സർക്കാർ 12.3.2013-ൽ പുറപ്പെടുവിച്ചിട്ടുള്ള G.O (Rt) No. 276/2013/WRD ഉത്തരവ് പ്രകാരം ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കേരളത്തിന്റെ പ്രതിനിധിയായി Special Committee -യിൽ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. |
| (സി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രസ്തുത ലിങ്ക് പദ്ധതി നടപ്പിലാക്കിയാൽ കേരളത്തിനെ എങ്ങനെ ബാധിക്കും എന്നതിനെപ്പറ്റി പഠനങ്ങൾ നടത്തി വിലയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായലിൽ പതിക്കുന്ന നദികളെക്കുറിച്ച് സമഗ്രമായി പഠിച്ച് അധികജലം ഉണ്ടോ എന്ന് വിലയിരുത്തു-വാനായി കേരള ഗവൺമെന്റ് ചുമതലപ്പെടുത്തിയ CWRDM-ന്റെ പഠന റിപ്പോർട്ട് പ്രകാരം ഈ നദികളിൽ അധിക ജലം ഇല്ല. പദ്ധതി നടപ്പിലാക്കിയാൽ മൂവാറ്റുപുഴ, മണിമല, മീനച്ചിൽ, പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ രൂക്ഷമായ ജലക്ഷാമം ഉണ്ടാകുമെന്നും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽവന്നാൽ പമ്പയും അച്ചൻകോവിലും നദികൾ വറ്റി വരളുകയും പരിസ്ഥിതി സന്തുലനം തകരാറിലാവുകയും കൂടാതെ കേരളത്തിന്റെ നിബിഡ വനവും, തേക്കിൻ തോട്ടവും ഉൾപ്പെടെ 2004 ഹെക്ടർ സ്ഥലം |

മുങ്ങിപ്പോകുന്നതാണെന്നും, പമ്പ അച്ചൻകോവിൽ നദികളിലെ ജലം നദികളുടെ മേൽഭാഗങ്ങളിൽ തിരിച്ചു വിടുന്നത് മൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാകുകയും കുടിവെള്ള ക്ഷാമം നേരിടുകയും ചെയ്യും എന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കീഴ്ത്തടങ്ങളിൽ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളും ലവണരസ അധിനിവേശവും വ്യവസായ-ജല പദ്ധതികൾക്ക് ജല ദൗർലഭ്യവും ഉണ്ടാകും എന്ന് CWRDM-ന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി-നടപ്പിലാക്കുന്നതു മൂലം "Ramsar Site" ആയ വേമ്പനാട് wet land-നും സംഭവിക്കാവുന്ന ജീർണ്ണാവസ്ഥയെ കുറിച്ചും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊച്ചി തുറമുഖത്തെയും പദ്ധതി പ്രതികൂലമായി ബാധിക്കുന്നതാണ്. ഇതു കൂടാതെ വേമ്പനാട് വെറ്റ്ലാന്റിന്റെ "Water Balance Study" കേരള സർക്കാർ Delhi-IIT-യെ ഏൽപ്പിച്ചിരുന്നു. Dr.Gosain-ന്റെ നേതൃത്വത്തിൽ IIT ഡൽഹി 17.07.12-ൽ Final Report സമർപ്പിക്കുകയും ടി റിപ്പോർട്ടിൽ വെറ്റ്ലാന്റിന്റെ പ്രസ്തുത Division ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ecological degradation നെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ടി നദികളിൽ അധികജലം ഇല്ലാ എന്ന കേരളത്തിന്റെ വാദം ടി പഠനത്തിലൂടെ വ്യക്തമാക്കാനും കഴിഞ്ഞു.

സെക്ഷൻ ഓഫീസർ